**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 185** | **15-10-2024 - ൽ മറുപടിയ്ക്ക്**

**ആസ്തി വികസന ഫണ്ട് സംബന്ധിച്ച മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ആസ്തി വികസന ഫണ്ട് സംബന്ധിച്ച മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്ന നടപടികളുടെ പുരോഗതി അറിയിക്കുമോ; | (എ) | 20/09/2023-ന് നിയമസഭാ സെക്രട്ടേറിയറ്റ് സംഘടിപ്പിച്ച ബഹു. എം.എൽ.എമാർക്കുള്ള പരിശീലന പരിശീലനപരിപാടിയുടെ തുടർച്ചയായി, പ്രത്യേക വികസന നിധിയുടെയും, ആസ്തി വികസന പദ്ധതിയുടെയും വിനിയോഗം സംബന്ധിച്ച് കൂടുതൽ നിർദ്ദേശങ്ങൾ എന്തെങ്കിലും നൽകുവാൻ ബഹു എൽ എൽ എ മാർ താല്പര്യപ്പെടുന്നുവെങ്കിൽ, ആയത് ശേഖരിച്ച് ധനകാര്യ വകുപ്പിന് ലഭ്യമാക്കാൻ നിയമസഭാ സെക്രട്ടേറിയറ്റിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ ഏതാനും എംഎൽഎമാർ മാത്രമാണ് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നത്. നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടില്ലാത്ത സാമാജികർ താത്പര്യപ്പെടുന്നെങ്കിൽ അവരുടെ കൂടി നിർദ്ദേശങ്ങൾ ലഭ്യമാക്കുവാൻ നിയമസഭാ സെക്രട്ടേറിയറ്റിനോട് ഒരിക്കൽ കൂടി അഭ്യർത്ഥിച്ചിരുന്നു. അപ്രകാരം ലഭ്യമാക്കിയ നിർദ്ദേശങ്ങൾ കൂടി പരിശോധിച്ച് പൊതുജനോപകാരപ്രദവും മൂലധന സ്വഭാവമുള്ളതുമായ കൂടുതൽ പ്രവൃത്തികൾക്ക് അനുമതി ലഭ്യമാക്കുന്ന തരത്തിൽ പ്രത്യേക വികസന നിധിയുടെയും, ആസ്തി വികസന പദ്ധതിയുടെയും, മാർഗ്ഗനിർദ്ദേശങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കാനുള്ള നടപടികൾ പുരോഗതിയിലാണ്. |
| (ബി) | നിലവിലെ മാനദണ്ഡങ്ങളിൽപ്പെടാത്ത ജനോപകാരപ്രദമായ പദ്ധതികൾകൂടി ഉൾപ്പെടുത്തി മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്ന നടപടികൾ എത്രയുംവേഗം പൂർത്തിയാക്കുമോ; വിശദമാക്കുമോ? | (ബി) | ബഹു നിയമസഭാ സാമാജികർ പ്രത്യേക വികസന നിധിയുടെയും, ആസ്തി വികസന പദ്ധതിയുടെയും, മാർഗ്ഗനിർദേശങ്ങൾ സംബന്ധിച്ച് ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ